**കേരള സർക്കാർ**
**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - വർക്കല നഗരസഭയുടെ പരിധിയിലുള്ള കരുനിലക്കോട് എസ്എൻ.ഡി. നഴ്സറി സ്ക്കൂളിലെ ദിവസ വേതന അദ്ധ്യാപികയായ ശ്രീമതി. ജി. മഞ്ജുള കേരളാ ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(C) നം. 20999/2016 ലെ 04.07.2016 ലെ ബഹു. ഹൈക്കോടതി വിധിന്യായം - നടപ്പിലാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

.==========================================================================

**തദ്ദേശ സ്വയംഭരണ (ഇ.യു) വകുപ്പ്**

സ.ഉ.(സാധാ) നം.227/2017/തസ്വഭവ. തീയതി, തിരുവനന്തപുരം, 27.01.2017

==========================================================================

**പരാമർശം :**
1) വർക്കല നഗരസഭാ കൗൺസിലിന്റെ 24.04.2013-ലെ സപ്ലിമെന്ററി നം. 3 യോഗ തീരുമാനം.
2) വർക്കല നഗരസഭാ സെക്രട്ടറി നഗരകാര്യ ഡയറക്ടർക്കയച്ച 15.02.2016 ലെ ജി1-ഇ/1722/99 നമ്പർ കത്ത്.
3) നഗരകാര്യ ഡയറക്ടറുടെ 13.06.2016 ലെ ജി2-531/2016 നമ്പർ കത്ത്.
4) കരുനിലക്കോട് SND നഴ്സറി സ്ക്കൂളിൽ ദിവസ വേതനാടിസ്ഥാനത്തിൽ ജോലി നോക്കിയിരുന്ന ശ്രീമതി. ജി. മഞ്ജുള സർക്കാരിന് സമർപ്പിച്ച 16.06.2016 ലെ നിവേദനം.
5) ശ്രീമതി. മഞ്ജുള.ജി., കേരളാ ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(C) നം. 20999/2016 ലെ 04.07.2016 ലെ ബഹു. ഹൈക്കോടതിയുടെ വിധിന്യായം.
6) നഗരകാര്യ ഡയറക്ടറുടെ 19.01.2017 ലെ ഇ5-531/16 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

തിരുവനന്തപുരം ജില്ലയിലെ വർക്കല നഗരസഭയുടെ പരിധിയിൽ പുന്നമൂട്, കരുനിലക്കോട്, പുല്ലാനിക്കോട് എന്നീ സ്ഥലങ്ങളിൽ 3 നഴ്സറി സ്ക്കൂളുകളുണ്ട്. പുന്നമൂട് സ്ക്കൂളിൽ റെഗുലർ വിഭാഗത്തിൽപ്പെട്ട് ഒരദ്ധ്യാപിക ജെലി ചെയ്തുവന്നു. കരുനിലക്കോട് SND നഴ്സറി സ്ക്കൂളിൽ ശ്രീമതി. ജി. മഞ്ജുള എന്ന വ്യക്തി 25.10.2005 മുതലും, പുല്ലാനിക്കോട് നഴ്സറി സ്ക്കൂളിൽ ശ്രീമതി. ആർ. രശ്മി

01.06.2011 മുതലും ദിവസ വേതനാടിസ്ഥാനത്തിൽ താൽക്കാലിക ടീച്ചർമാരായി ജോലി ചെയ്തു വരവേ താൽക്കാലികാടിസ്ഥാനത്തിലുള്ള ടി ടീച്ചർമാരെ സ്ഥിരപ്പെടുത്തുന്നതിന് സർക്കാരിലേയ്ക്ക് ശുപാർശ ചെയ്തുകൊണ്ട് വർക്കല നഗരസഭാ കൗൺസിൽ പരാമർശം ഒന്ന് പ്രകാരം തീരുമാനമെടുത്തു. ഈ വിഷയം പരാമർശം രണ്ട് പ്രകാരം വർക്കല നഗരസഭാ സെക്രട്ടറി നഗരകാര്യ ഡയറക്ടർക്ക് റിപ്പോർട്ട് ചെയ്തു. വർക്കല നഗരസഭയിൽ 3 നഴ്സറി സ്ക്കൂൾ ടീച്ചർമാരുടെ തസ്തിക അനുവദിച്ചിട്ടുണ്ടെന്നും ദിവസവേതനത്തിൽ ജോലിചെയ്യുന്ന ടീച്ചർമാർക്ക് ജോലി ചെയ്യുന്ന ദിവസങ്ങളിൽ 350 രൂപാ ക്രമത്തിൽ വേതനം നൽകുന്നുണ്ടെന്നു കാണിച്ച് വർക്കല നഗരസഭാ കൗൺസിലിന്റെ തീരുമാനം നഗരകാര്യ ഡയറക്ടർ പരാമർശം മൂന്നിലെ കത്ത് പ്രകാരം സർക്കാരിനയച്ചു തന്നു.

2. താൻ വർക്കല നഗരസഭയിൽ കരുനിലക്കോട് SND നഴ്സറി സ്ക്കൂളിൽ ദിവസവേതനാടിസ്ഥാനത്തിൽ 25.10.2005 മുതൽ തുടർച്ചയായി ജോലി ചെയ്തു വരികയാണെന്നും, ബി.പി.എൽ വിഭാഗത്തിൽപ്പെട്ട തനിയ്ക്ക് M.A. വിദ്യാഭ്യാസ യോഗ്യതയുണ്ടെന്നും, 41 വയസ്സായ തനിയ്ക്ക് പി.എസ്.സി. വഴിയുള്ള ഒരു ജോലിയ്ക്ക് ഇനി അപേക്ഷിക്കുവാൻ സാധ്യമല്ലായെന്നും തന്റെ അമ്മ, തന്നെ സ്ഥിരപ്പെടുത്തുന്നതിൽ സർക്കാരിന് നൽകിയ ഹർജികളിൽ ഇതുവരെ മറുപടി ലഭിച്ചിട്ടില്ലെന്നും, അതിനാൽ തന്നെ നഴ്സറി സ്ക്കൂൾ ടീച്ചർ തസ്തികയിൽ സ്ഥിരപ്പെടുത്തണമെന്നും കാണിച്ച് ശ്രീമതി. ജി. മഞ്ജുള പരാമർശം 4 പ്രകാരം സർക്കാരിന് നിവേദനം സമർപ്പിച്ചു.

3. മേൽ വിഷയവുമായി ബന്ധപ്പെട്ട് ശ്രീമതി. ജി. മഞ്ജുള കേരളാ ഹൈക്കോടതിയിൽ WP(C) നം. 20999/2016 ഫയൽ ചെയ്തിരുന്നു. ആയതിലെ പരാമർശം (5) ലെ വിധിന്യായത്തിൽ ഹർജിക്കാരി സർക്കാരിന് സമർപ്പിച്ച Ext. P7 റെപ്രസെന്റേഷനിൽ വിധി കിട്ടി ഒരു മാസത്തിനകം ഹർജിക്കാരിയെ നേരിട്ട് കേട്ടതിനു ശേഷം പരിഗണിച്ച് ഉത്തരവ് പുറപ്പെടുവിക്കണമെന്ന് 1st Respondent ആയ സർക്കാരിനോട് ബഹു. ഹൈക്കോടതി നിർദ്ദേശിച്ചിരുന്നു.

4. മേൽപ്പറഞ്ഞ ബഹു. ഹൈക്കോടതിവിധിയുടെ അടിസ്ഥാനത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പ് അണ്ടർ സെക്രട്ടറി ഹർജിക്കാരിയായ ശ്രീമതി. ജി. മഞ്ജുളയെ 09.01.2017 ൽ നേരിട്ട് കേട്ടു. നഗരസഭാ കൗൺസിൽ തീരുമാനപ്രകാരമായിരുന്നു

തന്റെ നിയമനമെന്നും, 10 വർഷക്കാലം 170 രൂപാ ദിവസവേതനത്തിലും, 6 മാസക്കാലം 350 രൂപാ ദിവസവേതനത്തിലും, 4 മാസക്കാലം 750 രൂപാ ദിവസവേതനത്തിലും താൻ ജോലി ചെയ്തു എന്നും, സ്വന്തമായി വീടില്ല, അമ്മ കിടപ്പിലാണ്, ഭർത്താവിന് കൂലിപ്പണിയാണ് എന്നും താൻ ജോലി നോക്കുന്ന ടീച്ചർ പോസ്റ്റിൽ ശ്രീമതി. ഉഷ എന്ന അദ്ധ്യാപിക ജോയിൻ ചെയ്തു എന്നും. നിലവിൽ സ്ക്കൂളിൽ വേക്കൻസിയില്ല എന്നും, ജീവിക്കാൻ യാതൊരു ഗതിയുമില്ലാത്ത തന്നെ 10 വർഷം ജോലിചെയ്തവരെ സ്ഥിരപ്പെടുത്തിയിട്ടുള്ള ഉത്തരവ് പരിഗണിച്ച് മാർച്ച് 2017 ൽ ഉഷ ടീച്ചർ റിട്ടയർ ചെയ്യുന്ന ഒഴിവിൽ സ്ഥിരപ്പെടുത്തണമെന്നും ശ്രീമതി. ജി. മഞ്ജുള നേരിട്ട് കേട്ടപ്പോൾ ആവശ്യപ്പെട്ടു.

5. വർക്കല നഗരസഭയുടെ പരിധിയിലുള്ള നഴ്സറി സ്ക്കൂളുകളുടെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് നഗരകാര്യ ഡയറക്ടർ പരാമർശം '6' ലെ കത്തിൽ താഴെപ്പറയും പ്രകാരം സർക്കാരിന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

''വർക്കല നഗരസഭയുടെ ഉടമസ്ഥതയിൽ പുന്നമൂട്, കരുനിലക്കോട്, പുല്ലാനിക്കോട് എന്നീ സ്ഥലങ്ങളിൽ മൂന്ന് നഴ്സറി സ്ക്കൂളുകളിലേക്ക് 3 ടീച്ചർമാരുടെ തസ്തിക അനുവദിച്ചിട്ടുള്ളതാണ്. അതിൽ 3 ടീച്ചർമാരെ പി.എസ്.സി. മുഖാന്തിരം റഗുലറായി നിയമിച്ചിരുന്നതാണ്. പുന്നമൂട് നഴ്സറി സ്ക്കൂൾ ടീച്ചർ സർവ്വീസിൽ നിലവിൽ തുടർന്നു വരുന്നു. കരുനിലക്കോട്, പുല്ലാനിക്കോട് എന്നീ സ്ക്കൂളുകളിലെ ടീച്ചർമാർ സൂപ്പർആനുവേഷന് വിധേയമായി വിരമിച്ചതിനുശേഷം റഗുലർ വിഭാഗം ജീവനക്കാരെ നിയമിച്ചിട്ടില്ലാത്തതിനാൽ കൗൺസിൽ തീരുമാനപ്രകാരം താൽക്കാലിക ജീവനക്കാരെ ദിവസവേതനാടിസ്ഥാനത്തിൽ നിയമിക്കുകയാണുണ്ടായത്. എന്നാൽ കൊല്ലം നഗരസഭയിൽ നിന്നും ശ്രീമതി. ജി. ഉഷ എന്ന ടീച്ചറെ വർക്കല നഗരസഭയിലേക്ക് സ്ഥലം മാറ്റി നിയമിച്ച് 09.11.2016 മുതൽ ടീച്ചർ ജോലിയിൽ പ്രവേശിച്ചതിനെത്തുടർന്ന് താൽക്കാലിക ടീച്ചറായ ശ്രീമതി. മഞ്ജുളയുടെ സേവനം അവസാനിപ്പിച്ചിട്ടുള്ളതാണ്.

താൽക്കാലിക നഴ്സറി ടീച്ചർമാരെ നിയമിച്ച് പ്രവർത്തനം നടത്തിയിരുന്ന കരുനിലക്കോട്, പുല്ലാനിക്കോട് നഴ്സറി സ്ക്കൂളുകളുടെ പ്രവർത്തനം സംബന്ധിച്ച് നഗരസഭ നടത്തിയ പരിശോധനയിൽ സ്ക്കൂളുകൾ കാര്യക്ഷമമായിട്ടല്ല പ്രവർത്തിക്കുന്നതെന്ന് നഗരസഭയ്ക്ക് ബോധ്യപ്പെട്ടിട്ടുള്ളതാണ്. അടിസ്ഥാന സൗകര്യങ്ങളില്ലാതെ താൽക്കാലിക നഴ്സറി സ്ക്കൂൾ ടീച്ചറുടെ കുടുംബവീട്ടിലെ

ഒരു മുറിയാണ് പുല്ലാനിക്കോട് നഴ്സറി സ്ക്കൂളായി പ്രവർത്തിച്ചത്. താല്ക്കാലി ടീച്ചർ ജോലി ചെയ്തിരുന്ന മറ്റൊരു നഴ്സറി സ്ക്കൂളായ കരുനിലക്കോട് എസ്.എൻ.ഡി.പി. ഹാളിലാണ് പ്രവർത്തിച്ചിരുന്നത്. നഗരസഭ നടത്തിയ പരിശോധനയിൽ ആദ്യ സ്ക്കൂളിൽ മൂന്ന് കുട്ടികൾ മാത്രവും, രണ്ടാമത്തെ സ്ക്കൂളിൽ 6 കുട്ടികൾ മാത്രവുമാണ് ഉണ്ടായിരുന്നത്. മേൽ സാഹചര്യത്തിൽ വർക്കല നഗരസഭയുടെ 27.12.2016-ലെ 17-ാം നമ്പർ കൗൺസിൽ തീരുമാനപ്രകാരം താൽക്കാലിക നഴ്സറി സ്ക്കൂൾ ടീച്ചർമാരെ ഉപയോഗിച്ച് പ്രവർത്തനം നടത്തിവന്ന രണ്ട് സ്ക്കൂളുകളുടേയും പ്രവർത്തനം നഗരസഭയ്ക്കോ, പൊതുജനങ്ങൾക്കോ പ്രയോജനമല്ല എന്ന് കണ്ടതിനാൽ കൂടുതൽ പ്രയോജനപ്പെടുന്ന രീതിയിൽ ടി രണ്ട് സ്ക്കുളുകളെയും ഒരുമിപ്പിച്ചു കൊണ്ട് നഗരസഭയുടെ കീഴിലുള്ള കല്ലാഴി എൽ.പി. സ്ക്കൂളിലേക്ക് മാറ്റുന്നതിനും ടി നഴ്സറി സ്ക്കൂളിൽ സ്ഥിരം നഴ്സറി ടീച്ചറായി ശ്രീമതി. ജി ഉഷയെ നിയമിക്കുന്നതിനും കൗൺസിൽ തീരുമാനിച്ചിട്ടുള്ളതാണ്.

സംയോജിക്കപ്പെട്ട രണ്ട് സ്ക്കൂളുകളിലെ അധ്യാപക ഒഴിവുകൾ റിപ്പോർട്ട് ചെയ്ത് പി.എസ്.സി. മുഖേന നിയമനം നടത്തേണ്ടതായിരുന്നുവെങ്കിലും താൽക്കാലിക നഴ്സറി സ്ക്കൂൾ ടീച്ചർമാർ നിലവിലുണ്ടായിരുന്ന രണ്ട് സ്ക്കൂളുകൾ സംയോജിപ്പിച്ച ഒറ്റ സ്ക്കൂളായി മാറ്റിയിട്ടുള്ള സാഹചര്യത്തിലും ടി സ്ക്കൂളിൽ സ്ഥിരം അധ്യാപിക ഉള്ളതിനാലും വർക്കല നഗരസഭയിൽ നിയമനം നടത്തുന്നതിനായി നഴ്സറി സ്ക്കൂൾ ടീച്ചർ തസ്തികയിൽ ഒഴിവില്ലാത്തതാണ്.''

6. നഗരകാര്യ ഡയറക്ടറുടെ മേൽപ്പറഞ്ഞ റിപ്പോർട്ട് സഹിതം ഈ വിഷയം സർക്കാർ വിശദമായി പരിശോധിച്ചു. കേരളാ പി.എസ്.സി മുഖാന്തിരം റെഗുലർ നിയമനം നടക്കേണ്ട നഴ്സറി സ്ക്കൂൾ ടിച്ചറുടെ സ്ഥിരം പോസ്റ്റിലാണ് ശ്രീമതി. ജി. മഞ്ജുള ദിവസവേതനാടിസ്ഥാനത്തിൽ താൽക്കാലികമായി ജോലി ചെയ്തു വന്നത്. Secretary, State of Karnataka Vs Umadevi (AIR 2006 SC 1806) നമ്പർ പ്രകാരം റിപ്പോർട്ട് ചെയ്യപ്പെട്ട കേസിലെ ബഹു. സുപ്രീംകോടതിയുടെ വിധിന്യായപ്രകാരം പി.എസ്.സി. മുഖാന്തിരം വ്യവസ്ഥാപിതമായി നികത്തേണ്ട ഒഴിവിൽ ദിവസവേതനാടിസ്ഥാനത്തിലുള്ളവരെ സ്ഥിരപ്പെടുത്തുവാൻ കഴിയില്ല. നിലവിലെ വ്യവസ്ഥപ്രകാരം ദിവസവേതനാടിസ്ഥാനത്തിൽ താൽക്കാലിക നിയമനം നടത്തുന്നതിനുപോലും വർക്കല നഗരസഭയുടെ പരിധിയിലുള്ള നഴ്സറി സ്ക്കൂളുകളിൽ ടീച്ചർ തസ്തികയിൽ നിലവിൽ ഒഴിവില്ല.

7. മേൽപ്പറഞ്ഞ സാഹചര്യത്തിൽ ശ്രീമതി. ജി. മഞ്ജുള സർക്കാരിന് സമർപ്പിച്ച പരാമർശം '4' ലെ Ext. P7 ഹർജിയിലെ ആവശ്യം അംഗീകരിക്കുവാൻ യാതൊരു നിർവ്വാഹവുമില്ല. ആയതിനാൽ പരാമർശം 4-ലെ ഹർജി നിരസിച്ചുകൊണ്ട് ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

8. പരാമർശം 5-ലെ ബഹു. ഹൈക്കോടതിയുടെ വിധിന്യായം മേൽപ്പറഞ്ഞ പ്രകാരം നടപ്പിലാക്കിയിരിക്കുന്നു.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**

**എം. അബുൽ കലാം.**
**അണ്ടർ സെക്രട്ടറി**

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
സെക്രട്ടറി, വർക്കല നഗരസഭ
ശ്രീമതി. മഞ്ജുള. ജി, അയ്യപ്പ സദനം, ജവഹർ പാർക്കിന് സമീപം, വർക്കല പി.ഒ., തിരുവനന്തപുരം - 695 141 (By Speed Post)
ഡയറക്ടർ, കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖ കത്ത് സഹിതം)
എക്സി. ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
(ഈ ഉത്തരവ് വേബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**